**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2028** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>സൂപ്പർന്യൂമററി തസ്തികകളിൽ നിയമിച്ച ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** പി.എസ്.സി/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരനിയമനം ലഭിച്ച, നിലവിൽ സൂപ്പർന്യൂമററി തസ്തികയിൽ ജോലി ചെയ്യുന്ന ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക് ബഹു. സുപ്രീം കോടതി വിധി (സിവിൽ അപ്പീൽ നം. 14915/2024) പ്രകാരമുള്ള നിയമപരമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു

**(ബി)** 01/04/2013-ന് മുൻപ് സർവ്വീസിൽ പ്രവേശിക്കുകയും പിന്നീട് സൂപ്പർന്യൂമററി തസ്തികയിലേക്ക് മാറിയതുമായ ഭിന്നശേഷിക്കാരായ ജീവനക്കാരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ (എൻ. പി. എസ്.) ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ആനുകൂല്യം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 01/04/2013-ന് മുൻപ് സർവ്വീസിൽ പ്രവേശിക്കുകയും പിന്നീട് സൂപ്പർന്യൂമററി തസ്തികയിലേക്ക് മാറുകയും ചെയ്ത ഭിന്നശേഷിക്കാരായ ജീവനക്കാരെ പദ്ധതിയിൽ തുടരാൻ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

**(സി)** പ്രസ്തുത ജീവനക്കാർ 56 വയസ്സിൽ വിരമിക്കാൻ നിർബന്ധിതരാകുന്നതും എൻ.പി.എസ് ബാധകമാക്കുന്നതുവഴി ഗ്രാറ്റുവിറ്റി, കുടുംബ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ വ്യക്തത വരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** 01/04/2013-ന് മുൻപ് സർവ്വീസിൽ പ്രവേശിക്കുകയും പിന്നീട് സൂപ്പർന്യൂമററി തസ്തികയിലേക്ക് മാറുകയും ചെയ്ത ഭിന്നശേഷിക്കാരായ ജീവനക്കാരെ പദ്ധതിയിൽ തുടരാൻ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

**(ഡി)** സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുകയും പങ്കാളിത്ത പെൻഷൻ നിലവിൽ വന്നതിനു ശേഷം വകുപ്പ് മാറുകയോ പി. എസ്. സി. മുഖേന മറ്റ് നിയമനങ്ങൾ ലഭിക്കുകയോ ചെയ്ത എത്ര ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുകയും, പങ്കാളിത്ത പെൻഷൻ നിലവിൽ വന്നതിനു ശേഷം വകുപ്പ് മാറുകയോ പി.എസ്.സി. മുഖേന മറ്റ് നിയമനങ്ങൾ ലഭിക്കുകയോ ചെയ്ത ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിച്ചത് സംബന്ധിച്ച ക്രോഡീകൃതമായ പട്ടിക നിലവിൽ ലഭ്യമല്ല.

**(ഇ)** ബഹു. സുപ്രീം കോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും വിധിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത ജീവനക്കാർക്ക് മറ്റ് സ്ഥിര ജീവനക്കാരെപ്പോലെ പ്രൊബേഷൻ, സീനിയോറിറ്റി, സ്ഥാനക്കയറ്റം, സ്റ്റാറ്റ്യൂട്ടറി പെൻഷൻ എന്നിവ അനുവദിക്കുന്നതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ബഹു. സുപ്രീം കോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത ജീവനക്കാർക്ക് മറ്റ് സ്ഥിര ജീവനക്കാരെപ്പോലെ പ്രൊബേഷൻ, സീനിയോറിറ്റി, സ്ഥാനക്കയറ്റം എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

**(എഫ്)** മേൽ വിഷയം സംബന്ധിച്ച ഫയൽ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ 01/04/2013 ന മുൻപ് സർവ്വീസിൽ പ്രവേശിച്ച, സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ഭിന്ന ശേഷിക്കാരായ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിനുശേഷം സൂപ്പർന്യൂമററി നിയമനം ലഭിച്ച എന്നതിന്റെ പേരിൽ അവരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയത് പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** 01/04/2013-ന് മുൻപ് സർവ്വീസിൽ പ്രവേശിക്കുകയും പിന്നീട് സൂപ്പർന്യൂമററി തസ്തികയിലേക്ക് മാറുകയും ചെയ്ത ഭിന്നശേഷിക്കാരായ ജീവനക്കാരെ പദ്ധതിയിൽ തുടരാൻ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**